പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2585    14.12.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആശുപത്രികളിൽ പ്രസവത്തിനിടയിലുള്ള മരണം

ചോദ്യം

ശ്രീമതി. കെ. എസ്. സലീഖ :

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ വിവിധ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും പൂർണ്ണ ഗർഭിണിയായിരിക്കെയും എത്ര പേർ മരണപ്പെട്ടുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

മറുപടി

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ വിവിധ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും ഗർഭിണിയായിരിക്കെയും മരണപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| നം. | ജില്ല | മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|
| 1. | ആലപ്പുഴ | 37 |
| 2. | കാസർഗോഡ് | 44 |
| 3. | വയനാട് | 35 |
| 4. | തിരുവനന്തപുരം | 56 |
| 5. | എറണാകുളം | 52 |
| 6. | കണ്ണൂർ | 46 |
| 7. | തൃശ്ശൂർ | 60 |
| 8. | ഇടുക്കി | 20 |
| 9. | കോട്ടയം | 34 |
| 10. | പത്തനംതിട്ട | 23 |
| 11. | പാലക്കാട് | 67 |
| 12. | കോഴിക്കോട് | 60 |
| 13. | കൊല്ലം | 68 |
| 14. | മലപ്പുറം | 137 |

തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ 72 പേരും, തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 25 പേരും മരണപ്പെട്ടിട്ടുണ്ട്.

(.....2)

(ബി) പ്രസ്തുത കാലയളവിനുള്ളിൽ സർക്കാർ ആശുപത്രികളിൽ എത്ര ശതമാനത്തോളം സിസേറിയൻ നടന്നതായാണ് കണക്കാക്കിയിട്ടുള്ളത് ; ആയത് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഇതുമായി ബന്ധപ്പെട്ട് എത്രപേർ മരണപ്പെട്ടു ; വിശദമാക്കുമോ ;

(ബി) സർക്കാർ ആശുപത്രികളിൽ നടന്ന സിസേറിയൻ ശതമാനം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| നം. | ജില്ല | സിസേറിയൻ ശതമാനം |
|---|---|---|
| 1. | ആലപ്പുഴ | 47.62% (2011 മുതൽ 2015 വരെ) |
| 2. | കാസർഗോഡ് | 24% |
| 3. | വയനാട് | 23% |
| 4. | തിരുവനന്തപുരം | 36.37% |
| 5. | എറണാകുളം | 58.82% |
| 6. | കണ്ണൂർ | 48% |
| 7. | തൃശ്ശൂർ | 43% |
| 8. | ഇടുക്കി | 45.1% |
| 9. | കോട്ടയം | 41.64% (2011 മുതൽ 2015 വരെ) |
| 10. | പത്തനംതിട്ട | 48.11% (2011 മുതൽ 2015 വരെ) |
| 11. | പാലക്കാട് | 33% |
| 12. | കോഴിക്കോട് | 23.6% |
| 13. | കൊല്ലം | 53% |
| 14. | മലപ്പുറം | 30.5% |

ഇതുമായി ബന്ധപ്പെട്ട് മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ ഓരോ മരണം വീതം രേഖപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ചുള്ള സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിൽ 37.92% സിസേറിയൻ നടന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 14 പേർ മരണപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിനുള്ളിൽ സ്ത്രീകളുടെയും കുട്ടികളുടെയും (സി.എച്ച്.സി, പി.എച്ച്.സി ഉൾപ്പെടെ) സർക്കാർ ആശുപത്രികളിൽ എത്ര നവജാതശിശുക്കൾ മരണപ്പെട്ടു ; ആയത് ഒ.ബി. നഴ്സറി/ഐ.ബി നഴ്സറി എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാലയളവിനുള്ളിൽ സ്ത്രീകളുടെയും കുട്ടികളുടെയും (സി.എച്ച്.സി, പി.എച്ച്.സി ഉൾപ്പെടെ) സർക്കാർ ആശുപത്രികളിൽ മരണപ്പെട്ട നവജാതശിശുക്കളുടെ കണക്ക് ഒ.ബി. നഴ്സറി, ഐ.ബി നഴ്സറി എന്നിങ്ങനെ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

(.....3)

ഇത്തരത്തിൽ അണുബാധ ഏൽക്കാതിരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇത്തരം നവജാത ശിശുക്കളുടെ മരണവുമായി ബന്ധപ്പെട്ട് എത്ര ഡോക്ടർമാർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചു ; അവർ ആരെല്ലാം ; വ്യക്തമാക്കുമോ ;

| നം. | ജില്ല | ഒ.ബി. നഴ്സറി | ഐ.ബി. നഴ്സറി |
|---|---|---|---|
| 1. | ആലപ്പുഴ | 0 | 0 |
| 2. | കാസർഗോഡ് | ... | 2 |
| 3. | വയനാട് | 8 | 44 |
| 4. | തിരുവനന്തപുരം | 0 | 11 |
| 5. | എറണാകുളം | 17 | 22 |
| 6. | കണ്ണൂർ | 22 | ... |
| 7. | തൃശ്ശൂർ | 38 | 47 |
| 8. | ഇടുക്കി | ... | ... |

ഇടുക്കി ജില്ലയിലെ സർക്കാർ ആശുപത്രികളിൽ 24 നവജാതശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. ഒ.ബി / ഐ.ബി. നഴ്സറി ഇല്ല.

| | | | |
|---|---|---|---|
| 9. | കോട്ടയം | 93 | 118 |
| 10. | പത്തനംതിട്ട | ... | 17 |
| 11. | പാലക്കാട് | ... | 146 |
| 12. | കോഴിക്കോട് | ... | 2 |
| 13. | കൊല്ലം | ... | 44 |
| 14. | മലപ്പുറം | 6 | 47 |

മുകളിൽ പറഞ്ഞിട്ടുള്ള സർക്കാർ ആശുപത്രികളിലെ നവജാതശിശുക്കളുടെ മരണം അണുബാധ മൂലമാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എസ്.എ.ടി. ആശുപത്രിയിൽ നിന്നുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.

06.03.2015 -ലെ സ.ഉ.(എം.എസ്) നം. 42/2015/ആ.കു.വ. പ്രകാരം കേരളത്തിലെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും അണുബാധ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. എല്ലാ ആശുപത്രികളിലും അണുബാധ നിയന്ത്രിക്കുന്നതിനായി ഒരു ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി (എച്ച്.ഐ.സി.സി അഥവാ ആശുപത്രി അണുബാധ നിയന്ത്രണ കമ്മിറ്റി) രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളിൽ വരുന്ന രോഗികൾക്കും ജീവനക്കാർക്കും ആശുപത്രികളിൽ നിന്നും പുതിയ അണുബാധ ഏൽക്കാതിരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ആശുപത്രികളിലെ പ്രസവമുറി, ഓപ്പറേഷൻ തിയേറ്റർ, നവജാത ശിശുവിഭാഗം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

(.....4)

ആശുപത്രി അണുനിവാരണ സമിതിയുടെ കീഴിൽ നിരന്തരം ചട്ടപ്രകാരമുള്ള ക്ലീനിംഗും മൈക്രോബയോളജിക്കൽ സർവയലൻസും എല്ലാ കുഞ്ഞുങ്ങളുടെയും രക്ത സാമ്പിളുകൾ, നഴ്സറിയിലെ ഉപകരണങ്ങളിലെ വെള്ളം അതിലെ ഉപരിതല സ്വാമ്പ് എന്നിവ അണുപരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ നടപ്പാക്കുന്നു. കാലാകാലങ്ങളിൽ ഫ്യൂമിഗേഷനും ആഴ്ചയിൽ രണ്ട് തവണ കഴുകലും ദിവസം മൂന്ന് ഷിഫ്റ്റിലും അണുനാശിനി കൊണ്ട് നഴ്സറി, പരിസരം, കുഞ്ഞുങ്ങളുടെ കിടക്കകൾ, ഉപകരണങ്ങൾ എന്നിവ വൃത്തിയാക്കുന്നു.

ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ പ്രസവത്തെത്തുടർന്ന് ബിന്ദുവും കുഞ്ഞും 23.04.2012-ൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ. ലിമ, ജൂനിയർ കൺസൾട്ടന്റിനെതിരെ അച്ചടക്ക നടപടിയുടെ ഭാഗമായി രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ഉത്തരവായി.

പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ശ്രീമതി. സാജിതയുടെ കുഞ്ഞ് മരിച്ചതുമായി (15.01.2015-ന്) ബന്ധപ്പെട്ട് ജൂനിയർ കൺസൾട്ടന്റ് ഡോ. സിബിയ്ക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി ഡോക്ടർക്ക് ഇപ്പോൾ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. കൺസൾട്ടന്റ് ഡോ. മറിയക്കുട്ടിയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള ശുപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

മാനന്തവാടി ജില്ലാ ആശുപത്രിയിൽ പ്രസവ സംബന്ധമായ ചികിത്സയ്ക്കായി എത്തിയ ആദിവാസി യുവതിയെ മതിയായ ചികിത്സാ സൗകര്യമില്ലാത്ത കാരണം പറഞ്ഞ് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും മെഡിക്കൽ കോളേജിൽ എത്തുംമുൻപേ മൂന്നുകുട്ടികളെ പ്രസവിക്കുകയും മൂന്നുകുട്ടികളും മരണപ്പെടുകയും ചെയ്ത സംഭവത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജിസ്റ്റ്) ഡോ. സുഷമയെ സസ്പെന്റ് ചെയ്യുകയും കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. അതോടൊപ്പം ഈ സംഭവത്തിൽ ടി ആശുപത്രിയിലെ അസിസ്റ്റന്റ് സർജനായ ഡോ. നിഖിൽ ആർ. നമ്പ്യാർക്കെതിരെ കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലെ ശിശുമരണങ്ങളുമായി ബന്ധപ്പെട്ട് ആരുടെയും പേരിൽ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടില്ല.

(....5)

(ഡി) പ്രസ്തുത കാലയളവിനുള്ളിൽ പ്രസവത്തിനിടയിലും, പൂർണ്ണ ഗർഭിണിയായിരിക്കെയും സിസേറിയൻ സമയത്തും മരണപ്പെട്ടവരിൽ പലതും ഡോക്ടർമാരുടെ കൈപ്പിഴമൂലം സംഭവിച്ചതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിലുള്ള മരണം സംഭവിച്ചതിന്റെ ഭാഗമായി എത്ര ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അവർ ആരെല്ലാമെന്നും ഇതിൽ എത്ര ഡോക്ടറിതര ജീവനക്കാർ നടപടിക്ക് വിധേയരായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) നെടുമങ്ങാട് താലൂക്കാശുപത്രിയിൽ സിസേറിയൻ പ്രസവത്തെ തുടർന്ന് മതിയായ ചികിത്സ ലഭിക്കാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് 23.04.2013 -ൽ മഞ്ജു എന്ന ഗർഭിണി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് നെടുമങ്ങാട് താലൂക്കാശുപത്രിയിലെ ഡോക്ടർമാരായ ഡോ. ജയശ്രീ. ബി.പി, ഡോ. അനശ്രീ. എസ്, ഡോ. ജയശ്രീ എസ്. നായർ എന്നിവർക്കെതിരെ വകുപ്പ്തല നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. പോസ്റ്റ് ഓപ്പറേറ്റീവ് ഡ്യൂട്ടിയിലായിരുന്ന ശ്രീമതി. ബിന്ദു കെ. ദാമോദരൻ, സ്റ്റാഫ് നേഴ്സ് ഗ്രേഡ് - II, ശ്രീമതി. രശ്മി ജെ ,സ്റ്റാഫ് നേഴ്സ് ഗ്രേഡ് -II എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ഇ) സിസേറിയനുകളുടെ എണ്ണം ക്രമാതീതമായി കൂടിയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് എന്തൊക്കെ മാർഗ്ഗരേഖ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്നും സിസേറിയൻ പ്രസവ ചെലവ് പാവപ്പെട്ടവർക്ക് താങ്ങാൻ ബുദ്ധിമുട്ടായതിനാൽ സ്വാഭാവിക പ്രസവം പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ ബോധവത്ക്കരണ മാർഗ്ഗങ്ങൾ നിലവിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വകാര്യ ആശുപത്രികളിന്മേൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

(ഇ)

1. സിസേറിയൻ നിരക്ക് നിയന്ത്രിക്കാനായി 07.05.2011 -ലെ സ.ഉ.(സാധാ) നം. 1791/2011/ആ.കു.വ പ്രകാരം ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
2. സിസേറിയൻ നിരക്ക് നാൽപത് ശതമാനത്തിലധികമുള്ള സർക്കാർ ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റുകൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും മറുപടി കൈപ്പറ്റുകയും ചെയ്തിരുന്നു .
3. ആന്റിനേറ്റൽ ക്ലിനിക്കുകൾ കൃത്യമായി നടത്തുന്നതിനും ഗർഭിണിയാകുമ്പോൾ മുതൽ നടത്തേണ്ട റിസ്ക് അസ്സസ്സ്മെന്റുകളെപ്പറ്റിയും ഗൈനക്കോളജിസ്റ്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
4. സാധാരണ പ്രസവം കൊണ്ട് അമ്മയ്ക്കും കുഞ്ഞിനുമുള്ള ഗുണഗണങ്ങളെക്കുറിച്ച് ഫീൽഡ് തലത്തിൽ തന്നെ ബോധവൽക്കരണം നടത്തിവരുന്നു.
5. ഒന്നിൽ കൂടുതൽ ഗൈനക്കോളജിസ്റ്റുകൾ ഉള്ള ആശുപത്രികളിൽ ഒരാളുടെ കൂടി വിദഗ്ദ്ധ അഭിപ്രായ പ്രകാരം മാത്രമേ സിസേറിയന് മുതിരാവൂ എന്ന് സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(.....6)

6. കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റെട്രിക്സ് ആന്റ് ഗൈനക്കോളജി (കെ.എഫ്.ഒ.ജി) പബ്ലിഷ് ചെയ്തിട്ടുള്ള ഗൈഡ് ലൈൻസ് പിൻതുടരണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.
7. ഓരോ സ്ഥാപനത്തിന്റെയും പ്രസവവും സിസേറിയനും സ്ഥാപന തലത്തിൽ ആഡിറ്റ് ചെയ്യുന്നുണ്ട്.
8. മാസംതോറും ഈ ആഡിറ്റുകളും റിപ്പോർട്ടുകളും ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലുള്ള സമിതി അവലോകനം ചെയ്യുന്നു.
9. ഈ റിപ്പോർട്ടുകൾ സംസ്ഥാന തലത്തിലും അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ഇത്തരത്തിലുള്ള നിയന്ത്രണങ്ങളുടെയും നടപടികളുടെയും ഫലമായി സിസേറിയന്റെ നിരക്ക് പരമാവധി കുറച്ചുകൊണ്ടുവരുന്നു. കാസർഗോഡ്, കൊല്ലം ജില്ലകളിലെ സർക്കാർ ആശുപത്രികളിലും എറണാകുളം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സ്വകാര്യ ആശുപത്രികളിലും 2013-14 വർഷത്തേക്കാൾ 2014-15 വർഷത്തിൽ നിരക്ക് നേരിയ തോതിൽ കുറഞ്ഞു വന്നിട്ടുണ്ട്. തുടർന്നും സിസേറിയൻ നിരക്ക് കൂടാതെയിരിക്കാനായി കർശന നിരീക്ഷണം ചെയ്തുവരുന്നു .

സെക്ഷൻ ഓഫീസർ

## തിരുവനന്തപുരം.

H&FW (M) Dept. Annexure - G. No. 2585

| Jan – Dec | ഇൻ ബോൺ നഴ്സറി (IBN) | | | ഔട്ട് ബോൺ നഴ്സറി | | |
|---|---|---|---|---|---|---|
| | മൊത്തം അഡ്മിഷൻ | ആകെ മരണം | അണുബാധ മൂലമുള്ള മരണം | മൊത്തം അഡ്മിഷൻ | ആകെ മരണം | അണുബാധ മൂലമുള്ള മരണം |
| 2010 | 2302 | 190 | 7 | 1792 | ~~139~~ 151 | 0 |
| 2011 | 2638 | 218 | 14 | 1615 | 156 | 9 |
| 2012 | 2619 | 206 | 8 | 1799 | 147 | 8 |
| 2013 | 2406 | 148 | 9 | 1839 | 159 | 22 |
| 2014 | 3026 | 164 | 5 | 1765 | 124 | 14 |
| 2015 Jan – Nov | 2653 | 132 | 8 | 1548 | 111 | 1 |

(sd/-)
സെക്ഷൻ ഓഫീസർ